# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3755 – 21/06/2018 -ലെ മറുപടിക്ക്

## എ.റ്റി.എം. കൗണ്ടറുകളിലെ പണക്ഷാമം

**ചോദ്യം** | **ഉത്തരം**

ശ്രീ. ബി. സത്യൻ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സംസ്ഥാനത്തെ എ.റ്റി.എം. കൗണ്ടറുകളിൽ പണക്ഷാമം ഉണ്ടാകുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ.റ്റി.എം. കൗണ്ടറുകളിൽ സമീപകാലത്തുണ്ടായിരുന്ന പണക്ഷാമം പരിഹരിക്കപ്പെട്ടിട്ടുണ്ട് എന്ന് എസ്.എൽ.ബി.സി. (State Level Bankers' Committee) അറിയിച്ചിട്ടുണ്ട്. |
| ബി | പ്രവർത്തനരഹിതമായ എ.റ്റി.എം.കളെ സംബന്ധിച്ച് ഉപഭോക്താക്കൾക്ക് അറിവ് നൽകാത്ത ബാങ്കുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇത്തരം എത്ര നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | കേരളത്തിലെ ദേശസാൽകൃത ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും പ്രവർത്തിക്കുന്നത് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണ്. പ്രസ്തുത ബാങ്കുകളിലെ ഇടപാടുകൾ സംസ്ഥാന ഗവൺമെന്റിന്റെ അധികാരപരിധിയിൽപെടുന്ന വിഷയമല്ല. ബാങ്കുകൾ നൽകുന്ന എ.റ്റി.എം. സേവനങ്ങൾ സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് റിസർവ് ബാങ്കിന്റെയും കേന്ദ്ര സർക്കാറിന്റെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് സംസ്ഥാന ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി | നിക്ഷേപകർക്ക് കൃത്യവും തൃപ്തികരവുമായ എ.റ്റി.എം സേവനം നൽകാത്ത ബാങ്കുകൾക്കെതിരെ നടപടി കൈക്കൊള്ളാൻ ധനവകുപ്പിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ